# കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584

ഇ-മെയിൽ: doidk.ksad@kerala.gov.in

ഫോൺ : 04862-227332

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/444/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി-685584
തീയ്യതി: 08/04/2022
ഇ-മെയിൽ: doidk.ksad@kerala.gov.in
ഫോൺ: 04862-227332

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത്

സർ,

**വിഷയം : തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
അസി. ഡെവലപ്മെന്റ് കമ്മീഷണർ, ഇടുക്കി,
ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

നമ്പർ: കെ.എസ്.എ-ഐ.ഡി.കെ-4/444/22 തീയ്യതി: 08/04/2022

**ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.**

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 10-01-2020 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. എം.വി. സിനി | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 28-01-2022 | 05-02-2022 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 28-01-2022 | 05-02-2022 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. എം.എസ്. രാജീവ്, ഓഡിറ്റ് ഓഫീസർ
ശ്രീ. എം.കെ. അഭിലാഷ്, അസി. ഓഡിറ്റ് ഓഫീസർ (31.01.2022 മുതൽ 05.02.2022 വരെ)
ശ്രീമതി. അനീറ്റ പി സാമുവൽ, അസി. ഓഡിറ്റ് ഓഫീസർ
ശ്രീമതി. മായ കൃഷ്ണൻ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ സിനോജ്, എറിച്ചിറിക്കാട്ട് | പ്രസിഡന്റ് | 01-04-2019 | 31-03-2020 |
| ശ്രീ സക്കീർ ഹുസൈൻ ഇബ്രാഹിം | സെക്രട്ടറി | 01-04-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സെലീനാമ്മ | കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 01-04-2019 | 31-03-2020 |
| ശ്രീ പി.കെ സുരേഷ് കുമാർ | അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | 01-04-2019 | 31-03-2020 |
| ശ്രീ. ജി. ശ്രീകുമാർ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2019 | 31-07-2019 |
| ശ്രീമതി. കെ.എൽ. ജിനിത | അസിസ്റ്റന്റ് എഞ്ചിനീയർ | 01-08-2019 | 31-03-2020 |
| ശ്രീമതി. സുജ ജേക്കബ് | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 01-04-2019 | 26-07-2019 |
| ശ്രീമതി. സിസിലിയാമ്മ മാത്യു | ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 27-07-2019 | 31-03-2020 |
| ഡോ. രേഖ | മെഡിക്കൽ ഓഫീസർ, ആരോഗ്യം, സി.എച്ച്.സി. പുറപ്പുഴ | 01-04-2019 | 31-03-2020 |
| ശ്രീമതി. ബെറ്റി ജോഷ്വ | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 01-04-2019 | 24-05-2019 |
| ശ്രീമതി. മിനിമോൾ ജോസഫ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 25-05-2019 | 15-09-2019 |

| | | | |
|---|---|---|---|
| ശ്രീമതി. റിനു തോമസ് | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 16-09-2019 | 31-03-2020 |
| ശ്രീമതി. ജി. രേഷ്മ | വ്യവസായ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. ആനിയമ്മ ഫ്രാൻസിസ് | പട്ടികവർഗ്ഗ വികസന ഓഫീസർ | 01-04-2019 | 31-03-2020 |
| ശ്രീമതി. കൈരളി കെ.കെ. | പട്ടികജാതി വികസന ഓഫീസർ | 01-04-2019 | 31-03-2020 |

## ഉള്ളടക്കം

| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-1 |
| 2 | വാർഷിക ധനവിവര പത്രിക<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-2 |
| 3 | ഗ്രാന്റ് വിനിയോഗം<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 1-3 |
| 4 | പദ്ധതി അവലോകനം<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-4 |
| 5 | തൊഴിലുറപ്പ് പദ്ധതി<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-5 |
| 6 | ക്ഷേമ പദ്ധതികൾ<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-6 |
| 7 | ക്യാഷ് വേരിഫിക്കേഷൻ<br>Written By: M.K.Abhilash (Asst. Audit Officer, On 01-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-7 |
| 8 | ആഭ്യന്തര നിയന്ത്രണം<br>Written By: M.K.Abhilash (Asst. Audit Officer, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-8 |
| 9 | വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: M.K.Abhilash (Asst. Audit Officer, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 30-03-2022) | 1-9 |
| 10 | വാഹനകൈമാറ്റം സംബന്ധിച്ച്<br>Written By: Anitta P Samuel (Asst. Audit Officer, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-10 |
| 11 | പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം-അപാകതകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 1-11 |
| 12 | ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതതയിലുള്ള ആസ്തികളിൽ നിന്ന് വാടക ഈടാക്കി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല<br>Written By: Maya Krishnan (Auditor, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-12 |
| 13 | ബ്ലോക്ക് പഞ്ചായത്തിലെ ലേലം നടത്തിപ്പിൽ സംഭവിച്ച അപാകതകൾ<br>Written By: Maya Krishnan (Auditor, On 05-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-13 |
| 14 | കരാർ പ്രകാരമുള്ള ടെണ്ടർ കിഴിവ് ഈടാക്കിയില്ല നഷ്ടം ₹2098/-<br>Written By: M.K.Abhilash (Asst. Audit Officer, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 1-14 |
| 15 | ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നടത്തി-തടസ്സം ₹504768/-<br>Written By: M.K.Abhilash (Asst. Audit Officer, On 06-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 1-15 |
| | ഭാഗം 2 | |

| | | |
|---|---|---|
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കരാർ പ്രകാരമുള്ള ടെണ്ടർ കിഴിവ് ഈടാക്കിയില്ല നഷ്ടം ₹2098/-<br>Written By: M.K.Abhilash (Asst. Audit Officer, On 07-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-8 |
| 9 | ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 07-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 08-04-2022) | 4-10 |
| 11 | തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Anitta P Samuel (Asst. Audit Officer, On 02-02-2022)<br>Last Updated By: Sajitha K. (Computer Assistant, On 01-04-2022) | 4-11 |
| | **അനുബന്ധം** | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

ജനറൽ കമ്മിറ്റിയുടെ 25.02.2019 ലെ 1(1) നമ്പർ തീരുമാനപ്രകാരം ₹15,14,27,000/- വരവും ₹14,98,55,000/- ചെലവും ₹15,72,000/- നീക്കിയിരിപ്പും പ്രതീക്ഷിക്കുന്ന തൻവർഷത്തെ ബജറ്റ് അംഗീകരിച്ചു.

### 1-2 വാർഷിക ധനവിവര പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2020 | 16.05.2020 | | |

### 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് ₹ | വരവ്₹ | ആകെ₹ | ചെലവ്₹ | നീക്കിയിരിപ്പ്₹ |
|---|---|---|---|---|---|---|
| വികസന ഫണ്ട് | ജനറൽ | 0 | 20984000 | 20984000 | 12000438 | 8983562 |
| | എസ്.സി.പി | 0 | 4565000 | 4565000 | 4565000 | 0 |
| | ടി.എസ്.പി | 0 | 1005000 | 1005000 | 851196 | 153804 |
| സംരക്ഷണ ഗ്രാന്റ് | റോഡിതരം | 0 | 2745000 | 2745000 | 2280282 | 464718 |
| എസ്ജിഎസ് വൈ | | 14201 | 0 | 14201 | 14201 | 0 |
| സമ്പൂർണ്ണ ശുചിത്വം | | 525605 | 21200 | 546805 | 4393 | 542412 |
| ഐഎവൈ-ജനറൽ | | 20572 | 0 | 20572 | 20572 | 0 |
| ഐ ഡബ്ല്യൂ എം പി | | 3985 | 3000000 | 3003985 | 1425644 | 1578341 |
| ഗ്രാന്റ് (PMKSY) | | 18955 | 674 | 19629 | 0 | 19629 |
| ശുചിത്വമിഷൻ | | 1000 | 0 | 1000 | 1000 | 0 |
| ഗ്രാന്റ്സ്-മൂലധനം | | 2233 | 0 | 2233 | 13 | 2220 |
| ടോട്ടൽ സാനിറ്റേഷൻ | | 4846 | 168 | 5014 | 0 | 5014 |
| ജനറൽ പർപസ് ഗ്രാന്റ് | | 0 | 4493000 | 4493000 | 4493000 | 0 |
| മറ്റിനങ്ങൾ (ഇഎംഎസ്) | | 46600 | 28171 | 74771 | 0 | 74771 |
| കുടുംബശ്രീ ഫണ്ട് | | 12055 | 0 | 12055 | 0 | 12055 |

### 1-4 പദ്ധതി അവലോകനം

#### എ) പദ്ധതി നിർവ്വഹണം

തൻ വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ ₹ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് ₹ | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 68 | 32170718 | 35 | 19985428 | 11 | 22 | 51.47 |

1. ചെലവഴിച്ച വിവിധ ഫണ്ടുകളുടെ വിവരം

| ഇനം | | അടങ്കൽ തുക ₹ | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|
| വികസന ഫണ്ട് | പൊതു വിഭാഗം | 22492571 | 12000438 | 53.35 |
| | പട്ടിക ജാതി വിഭാഗം | 5069768 | 4565000 | 90.04 |
| | പട്ടിക വർഗ്ഗ വിഭാഗം | 1005000 | 851196 | 84.70 |
| തനത് ഫണ്ട് | | 533379 | 288512 | 54.09 |
| സംരക്ഷണ ഗ്രാന്റ് റോഡിതരം | | 2745000 | 2280282 | 83.07 |
| മറ്റിനം | | 325000 | 0 | 0.00 |
| ആകെ | | 32170718 | 19985428 | 62.12 |

2. വിവിധ നിർവ്വഹണ ഉദ്യോഗസ്ഥർ ഏറ്റെടുത്ത് നടപ്പാക്കിയ വിവിധ പദ്ധതികളുടെ ചെലവ് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പ്രോജക്ടിന്റെ എണ്ണം | അടങ്കൽ തുക ₹ | നിർവ്വഹണം നടത്തിയ പ്രോജക്ടുകളുടെ എണ്ണം | ചെലവ് തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|
| ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർ | 4 | 1405500 | 3 | 854000 | 60.76 |
| ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി | 24 | 9675655 | 21 | 7772681 | 80.33 |
| ട്രൈബൽ എക്സ്റ്റെൻഷൻ ഓഫീസർ | 1 | 562948 | 1 | 562948 | 100.00 |
| മെഡിക്കൽ ഓഫീസർ- കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ | 4 | 1400000 | 4 | 1400000 | 100.00 |
| പട്ടിക ജാതി വികസന ഓഫീസർ | 1 | 2509500 | 1 | 2474228 | 98.59 |
| കൃഷി അസിസ്റ്റന്റ് ഡയറക്ടർ | 2 | 1150315 | 1 | 287576 | 25.00 |
| സീനിയർ വെറ്ററിനറി /സർജൻ അസിസ്റ്റന്റ് ഡയറക്ടർ | 2 | 1798000 | 2 | 1452693 | 80.79 |
| ഇൻഡസ്ട്രീസ് എക്സ്റ്റെൻഷൻ ഓഫീസർ | 1 | 170000 | 1 | 170000 | 100.00 |
| അസിസ്റ്റന്റ് എൻജിനീയർ | 29 | 13498800 | 12 | 5011302 | 37.12 |
| ആകെ | 68 | 32170718 | 46 | 19985428 | 62.12 |

**1-5 തൊഴിലുറപ്പ് പദ്ധതി**

ഇല്ല

**1-6 ക്ഷേമ പദ്ധതികൾ**

ഇല്ല

**1-7 ക്യാഷ് വേരിഫിക്കേഷൻ**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 01.02.2022 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ക്യാഷ് ബാലൻസ് ഇല്ല എന്ന് ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ബ്ലോക്ക് പഞ്ചായത്തിലെ സിറ്റിസൺ ഇൻഫർമേഷൻ കേന്ദ്രം പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഓഫീസ് ഉത്തരവു മുഖേന ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ ജോലി വിലയിരുത്തി മേൽനോട്ട ചുമതലയുള്ളവർ മോണിറ്ററിംഗ് നടത്തേണ്ടതാണ്. സ്റ്റോക്ക് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ഡിപ്പോസിറ്റ് രജിസ്റ്റർ തുടങ്ങിയവ സാമ്പത്തിക വർഷാവസാനം പരിശോധിച്ച് സെക്രട്ടറി സാക്ഷ്യപ്പെടുത്തുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ആസ്തികളുടെയും സ്റ്റോറുകളുടെയും വാർഷിക ഭൗതിക പരിശോധനയും നടത്തുന്നില്ല.

ചാർജ്ജ് സർ-ചാർജ്ജ് രജിസ്റ്റർ, ലോൺ രജിസ്റ്റർ പരിപാലിക്കുന്നില്ല. സുലേഖ സ്റ്റേറ്റ്മെന്റിൽ കൃത്യമായ വരവ്-ചെലവ് കണക്കുകൾ പ്രതിഫലിക്കുന്നില്ല.

സാധനങ്ങളും സേവനങ്ങളും വാങ്ങുന്നത് സംബന്ധിച്ച് കൃത്യമായ പ്രൊക്യൂർമെന്റ് പ്ലാനും ബജറ്റും പഞ്ചായത്ത് തയ്യാറാക്കിയിട്ടില്ല. വാങ്ങേണ്ടി വരുന്ന സാധനങ്ങളുടെയും സേവനങ്ങളുടെയും മൊത്തത്തിലുള്ള കണക്കെടുപ്പ് വർഷാരംഭത്തിൽ തന്നെ നടത്തി സമാഹരണം നടത്തുവാൻ പ്രൊക്യൂർമെന്റ് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്.

സ്റ്റാന്റിംഗ് കമ്മിറ്റികളുടെ കീഴിലുള്ള വിവിധ മേഖലകളിലെ പദ്ധതി നിർവ്വഹണം മോണിറ്റർ ചെയ്യുന്നതിലും പദ്ധതി പുരോഗതി വിലയിരുത്തി അനുവദിച്ച പദ്ധതിപ്പണം സമയബന്ധിതമായും കാര്യക്ഷമമായും വിനിയോഗിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതാണ്.

പ്രതിമാസ വരവ്-ചെലവ് കണക്ക് അംഗീകരിക്കുമ്പോൾ കണക്കുകളുമായി ബന്ധപ്പെട്ട രേഖകളും രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിക്കുന്നുണ്ടോയെന്നും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടൊയെന്നും കൃത്യമായ ഉത്തരവുകളുടെയും രേഖകളുടെയും അടിസ്ഥാനത്തിലാണ് തുക ചെലവഴിക്കുന്നതെന്നും ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

## 1-9 വാർഷിക കണക്കുകളിലെ അപാകതകൾ

1. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
2. ലേല രജിസ്റ്റർ പൂർത്തീകരിച്ച് ഡി.സി.ബി തയ്യാറാക്കിയിട്ടില്ല.

3. ബ്ലോക്ക്പഞ്ചായത്ത് ഐ.എ.വൈ. വായ്പയിനത്തിൽ തുക തിരിച്ചടയ്ക്കാനുണ്ടെങ്കിലും ആയതിന്റെ വിവരം വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

4. Capital Work In Progress എന്ന ശീർഷകത്തിൽ ₹300000/- രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാനാവശ്യമായ രേഖകൾ ഹാജരാക്കിയില്ല.

5. റോഡ്, പാലങ്ങൾ മുതലായ ആസ്തികൾ ബ്ലോക്ക്പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ വരുന്നില്ലായെങ്കിലും കണക്കുകളിൽ ആയവയും അവയ്ക്ക് ബാധകമായ ഡിപ്രീസിയേഷനും ഉൾപ്പെടുത്തിയിരിക്കുന്നു.

## 1-10 വാഹനകൈമാറ്റം സംബന്ധിച്ച്

തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 29-2-2020 തീയതിയിലെ 4/4 നമ്പർ തീരുമാന പ്രകാരം തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടിന്റെ ഔദ്യോഗിക വാഹനം കെ.എൽ.38എ9911(Xylo Mahindra) മലയോര മേഖലയിലെ യാത്രക്ക് യോഗ്യമല്ലാത്തിനാൽ, പ്രസ്തുത വാഹനം ഗ്രാമവികസന കമ്മീഷണർ മുഖാന്തിരം ഗ്രാമവികസന വകുപ്പിന് കൈമാറുന്നതിന് സെക്രട്ടറിയെ ചുമതലപ്പെടുത്തി തീരുമാനിച്ചു.

ഗ്രാമവികസന കമ്മീഷണറുടെ 19/03/2020ലെ 3400/എ.സി&എ.ഡി5/2020/സി.ആർ.ഡി നമ്പർ കത്തിൽ മലയോര മേഖലയിലെ യാത്രക്ക് യോഗ്യമല്ലാത്തിനാൽ, പ്രസ്തുത വാഹനത്തിന്റെ രജിസ്ട്രേഷൻ ഉടമസ്ഥാവകാശം കോട്ടയം ജില്ലാ അസി.ഡവലപ്മെന്റ് കമ്മീഷണർക്ക് കൈമാറുന്നതിന്

നിയമപ്രകാരമുള്ള നടപടികൾ സ്വീകരിക്കാം എന്നറിയിച്ചിട്ടുണ്ട്. തൊടുപുഴ ബ്ലോക്ക്പഞ്ചായത്ത് സെക്രട്ടറിയുടെ 1-6-2020 ലെ ഉത്തരവ് നമ്പർ ജി.ഇ.ഒ -508/2014 പ്രകാരം വാഹനം കൈമാറുന്നതിന് ഉത്തരവാകുകയും അസി.ഡവലപ്മെന്റ് കമ്മീഷണർ 3-6-2020 തിയതിയിൽ തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുടെ പക്കൽ നിന്നും വാഹനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്. തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് വാർഷിക പദ്ധതി 2020-21 ൽ പ്രസിഡന്റിന് വാഹനം വാടകയ്ക്കെടുക്കൽ എന്ന പദ്ധതിയ്ക്ക് ക്വട്ടേഷൻ ക്ഷണിക്കുകയും 19-2-2021 ലെ 2/2 നമ്പർ തീരുമാന പ്രകാരം വാഹനം വാടകയ്ക്ക് എടുക്കുന്നതിന് കമ്മിറ്റി അംഗീകരിച്ച സെക്രട്ടറിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ചെക്ക് നമ്പർ 5530497/26-3-2021 പ്രകാരം ₹25000/- വാഹന വാടകയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. സ്വന്തമായുണ്ടായിരുന്ന വാഹനം കൈമാറ്റം ചെയ്തതിന് ശേഷം വാഹനം വാടകയ്ക്ക് എടുത്തതിന്റെ കാരണം വിശദീകരിക്കപ്പെട്ടിട്ടില്ല.

ബ്ലോക്ക് പഞ്ചായത്തിന്റെ പ്ലാൻ വിഹിതം പ്രയോജനപ്പെടുത്തി വാങ്ങിയ വാഹനം കൈമാറ്റം ചെയ്തത് ക്രമവിരുദ്ധമാണ്. മലയോര മേഖലയ്ക്ക് പ്രസ്തുത വാഹനം സഞ്ചാരയോഗ്യമല്ല എന്ന് ക്ഷമതയുള്ള ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്താത്ത പക്ഷം പ്രസ്തുത വിശദീകരണം വാഹന കൈമാറ്റത്തിന് മതിയായ കാരണമല്ല. മാത്രവുമല്ല തൊടുപുഴ ബ്ലോക്ക് മലയോര മേഖലയിൽ ഉൾപ്പെട്ട പ്രദേശവുമല്ല. ആയതിനാൽ ക്രമവിരുദ്ധമായി വാഹനം കൈമാറ്റം ചെയ്തതിന് വ്യക്തമായ കാരണം തുടരന്വേഷണം നടത്തി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഭരണസമിതിയുടെ പ്രത്യേകശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

**1-11 പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം-അപാകതകൾ**

തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിലുള്ള മണക്കാട് ഗ്രാമപഞ്ചായത്തിലെ നെടിയശാലയിൽ 2019 ഒക്ടോബർ 1 നാണ് പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് പ്രവർത്തനം ആരംഭിച്ചത്. തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ പരിധിയിൽ വരുന്ന ആറ് ഗ്രാമപഞ്ചായത്തുകളിലെ പ്ലാസ്റ്റിക് റീസൈക്കിൾ ചെയ്യുന്നതിന് പദ്ധതി ലക്ഷ്യം വയ്ക്കുന്നു. പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ച് പൊടിച്ച് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നു. റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തന പരിപാലനത്തിനായി 1-10-2019 തീയതിയിൽ ബ്ലോക്ക് പഞ്ചായത്തും ക്ലീൻ കേരള കമ്പനിയും കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാർ തിയതി മുതൽ ഒരു വർഷത്തേക്കാണ് കരാർ കാലാവധി.

കരാറിലെ3(5) നിർദ്ദേശ പ്രകാരം റിസോഴ്സ് റിക്കവറി ഫെസിലിറ്റിയുടെ പ്രവർത്തന പരിപാലനത്തിന് നിയോഗിച്ചിട്ടുള്ള തൊഴിലാളികളുടെ വേതനം, ആർ.ആർ.എഫ് ന്റെ വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ചാർജ്ജ്, ജീവനക്കാർക്ക് ആവശ്യമായ സുരക്ഷാ മാർഗ്ഗങ്ങൾ (ഗ്ലൌസ്, മാസ്ക്, പ്രഥമ ശുശ്രൂഷാ സാമഗ്രികൾ) പാക്കിംഗ് ബാഗുകൾ, എന്നിവയുടെ ചെലവ് കരാർ കാലാവധിവരെ ക്ലീൻ കേരള വഹിക്കേണ്ടതാണ്.

***ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ***

**1)കരാറിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ഷ്രെഡ്ഡിംഗ് യൂണിറ്റിലെ തൊഴിലാളികൾക്ക് ബ്ലോക്ക് പഞ്ചായത്തിൽ നിന്നാണ് വേതനം നല്കുന്നത്. വിശദാംശങ്ങൾ താഴെ**

| ചെക്ക് നമ്പർ/തിയതി | തുക ₹ |
|---|---|
| 5172156/16-10-19 | 26091 |
| 5277263/16-3-2020 | 1200 |
| **ആകെ** | **27291** |

**2) കരാർ വ്യവസ്ഥയ്ക്ക് വിരുദ്ധമായി ഷ്രെഡ്ഡിംഗ് യൂണിറ്റിലെ വൈദ്യുതി ബ്ലോക്ക് പഞ്ചായത്താണ് അടവാക്കുന്നത് വിശദാംശം താഴെ**

| ചെക്ക് നമ്പർ/തിയതി | തുക ₹ |
|---|---|
| 5277223/16-1-2020 | 4724 |
| 5277260/11-3-2020 | 4989 |
| 5277285/19-5-2020 | 4378 |
| 5530405/15-7-2020 | 2202 |
| 5530425/23-9-2020 | 5217 |
| 5530425/23-9-2020 | 5217 |
| **ആകെ** | **26727** |

3) പ്ലാസ്റ്റിക് മാലിന്യം സുരക്ഷിതമായും സൗകര്യപ്രദമായും യൂണിറ്റിലെത്തിക്കുന്നതിനായി 2017-18 വർഷം (പദ്ധതി നമ്പർ S0007/18)പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റിലേക്ക് പോപ്പുലർ മെഗാ മോട്ടോഴ്സ് ഇന്ത്യയിൽ നിന്നും വാഹനം വാങ്ങിയിട്ടുണ്ട്. ആർ.ആർ.എഫ് യൂണിറ്റിന്റെ പ്രവർത്തനങ്ങൾക്കായുള്ള വാഹനത്തിന്റെ പ്രതിദിന ഇന്ധനച്ചെലവുകൾ കരാർകാലാവധി വരെ കമ്പനി വഹിക്കുന്നതാണെന്ന് 01.10.2019 ലെ കരാറിൽ, വാഹനം ഉപയോഗിക്കുന്നതിനുള്ള നിബന്ധന (1)ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഈയിനത്തിൽ ബ്ലോക്കിൽ നിന്ന് തുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശം താഴെ കൊടുക്കുന്നു.

| ചെക്ക് നമ്പർ/തിയതി | തുക ₹ |
|---|---|
| 5172160/23-10-19 | 22819 |
| 5277294/9-6-2020 | 11907 |
| 5530429/23-9-2020 | 16403 |
| **ആകെ** | **51129** |

കരാർ വ്യവസ്ഥ നമ്പർ 3(10) പ്രകാരം ഷ്രഡഡ് പ്ലാസ്റ്റിക്കുകളുടെ വിപണനം വഴി ലഭിക്കുന്നതും (കി.ഗ്രാമിന് ₹15/- നിരക്കിൽ) ആർ.ആർ.എഫിൽ എത്തുന്നതും എന്നാൽ അവിടെ സംസ്കരണ സംവിധാനം ഇല്ലാത്തതുമായ പ്ലാസ്റ്റിക് ഇ-വേസ്റ്റ്, പുനചംക്രമണ സാധ്യമായ അജൈവമാലിന്യങ്ങൾ വിറ്റ് കിട്ടുന്ന വരുമാനത്തിൽ നിന്നും ആർ.ആർ.എഫിന്റെ പ്രവർത്തന പരിപാലനത്തിനായി ചെലവാകുന്ന തുകയും പുനചംക്രമണം സാധ്യമല്ലാത്ത അജൈവമാലിന്യങ്ങളുടെ സംസ്കരണത്തിനായി

ചെലവാകുന്ന തുകയും കിഴിച്ചുള്ള ലാഭത്തിന്റെ 50 ശതമാനം ക്ലീൻ കേരള കമ്പനി ബ്ലോക്ക് പഞ്ചായത്തിന് നല്കേണ്ടതാണ്. എന്നാൽ ഈയിനത്തിൽ വരുമാനമൊന്നും നാളിതുവരെ ലഭ്യമായിട്ടില്ല.

സ്ഥലപരിശോധനയിൽ താഴെപ്പറയുന്ന അപാകതകളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

വിവിധ പഞ്ചായത്തുകളിൽ നിന്ന് കളക്ട് ചെയ്യുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഷ്രഡ്ഡിംഗ് യൂണിറ്റിൽ വലിയ അളവിൽ കൂട്ടിയിട്ടിട്ടുണ്ട്. വലിയ അളവിൽ എത്തിക്കുന്ന മാലിന്യങ്ങൾ സമയബന്ധിതമായി ഷ്രഡഡ്/ബെയ്ൽ ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ഇല്ല. സ്ഥാപനത്തിൽ ഒരു Shredding Mechine, Bailing Mechine, Weighing Mechine എന്നിവയാണ് ഉള്ളത്. കരാർ വ്യവസ്ഥ 1(1) പ്രകാരം ആർ.ആർ.എഫിന്റെ സുഗമമായ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് ഇരു കക്ഷികളും ഓരോ ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തേണ്ടതും വ്യവസ്ഥ 1(6) പ്രകാരം പഞ്ചായത്തുകളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ നിന്നും ആർ.ആർ.എഫ് യൂണിറ്റിലേക്ക് എത്തിക്കുന്ന പ്ലാസ്റ്റിക് വേസ്റ്റ്, അജൈവ മാലിന്യങ്ങളുടെ അളവ് കൃത്യമായി രേഖപ്പെടുത്തി സൂക്ഷിക്കേണ്ടതും ടി കണക്കുകൾ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. എന്നാൽ സ്ഥാപനത്തിൽ മേൽനോട്ട ചുമതലയ്ക്ക് സ്ഥിരമായി ആളില്ല.
ഭരണസമിതിയുടെ ശ്രദ്ധ ഈ വിഷയത്തിലേക്ക് ക്ഷണിക്കുന്നതോടൊപ്പം ഉദ്യോഗസ്ഥ തലത്തിലുള്ള മേൽ നോട്ടവും കാര്യക്ഷമമാക്കേണ്ടതാണ്. പ്രസ്തുത വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി (3/02.02.2022) ക്ക് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥൻ നൽകിയ മറുപടിയിൽ ക്ലീൻ കേരളയ്ക്ക് മുൻകൂറായി നൽകിയ തുക തിരികെ നൽകിയിട്ടുണ്ടെന്നുള്ള മറുപടിയാണ് ലഭ്യമാക്കിയിട്ടുള്ളത്. എന്നാൽ വേതനം, വൈദ്യുതി ചാർജ്ജ് എന്നിവയ്ക്കായി ബ്ലോക്ക് പഞ്ചായത്ത് ചെലവഴിച്ച തുക തിരികെ ലഭ്യമായിട്ടില്ലെന്ന് പരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്. കരാറിനു വിരുദ്ധമായി ക്ലീൻ കേരളക്കു നൽകിയ ₹105147/- തിരികെ ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

## 1-12 ബ്ലോക്ക് പഞ്ചായത്ത് ഉടമസ്ഥതതയിലുള്ള ആസ്തികളിൽ നിന്ന് വാടക ഈടാക്കി തനത് ഫണ്ട് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടില്ല

തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴെ സൂചിപ്പിക്കുന്ന കെട്ടിടങ്ങളുടെ നിലവിലുള്ള ഉപയോഗക്രമം സംബന്ധിച്ച് വിവരങ്ങൾ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/01-02-2022 ന് കെട്ടിടങ്ങളിൽ ഭൂരിഭാഗവും നിലവിൽ ഉപയോഗിക്കുന്നില്ലെന്നുള്ള മറുപടി ലഭ്യമാക്കിയിട്ടുണ്ട്. പ്രസ്തുത മറുപടി പരിശോധിച്ച് ബ്ലോക്ക് പഞ്ചായത്തിന്റെ തനതുവരുമാനം വർദ്ധിപ്പിക്കുന്നതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തുന്നു.

| ക്രമ നം. | കെട്ടിടത്തിന്റെ വിവരം | നിർദ്ദേശം |
|---|---|---|
| 1 | കരിങ്കുന്നം -മുൻ വിഇഒ ഓഫീസ് | ഉപയോഗിക്കുന്നില്ല. ആവശ്യമുള്ള അറ്റകുറ്റപ്പണി നടത്തി കരാർ ചമച്ച് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 2 | ഒഎൽഎച്ച് അംഗൻവാടിക്ക് സമീപമുള്ള വനിത വർക്ക് ഷെഡ് | ഉപയോഗിക്കുന്നില്ല. കരാർ ചമച്ച് വനിതകൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 3 | വഴിത്തല മുൻ വിഇഒ ഓഫീസ് കെട്ടിടം | ഉപയോഗിക്കുന്നില്ല. ആവശ്യമുള്ള അറ്റകുറ്റപ്പണി നടത്തി കരാർ ചമച്ച് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 4 | തുടർവിദ്യാ കേന്ദ്രം | തയ്യൽ യൂണിറ്റ് പ്രവർത്തിയ്ക്കുന്നുണ്ട്. തുടർ വിദ്യാ കേന്ദ്രമായി ഉപയോഗിക്കാത്ത പക്ഷം തയ്യൽ യൂണിറ്റുമായി കരാർ ചമച്ച് വാടക ഈടാക്കേണ്ടതാണ്. |

| | | |
|---|---|---|
| | മണക്കാട്, (XII) | |
| 5 | ശ്രീലക്ഷ്മി വനിതാ വർക്ക് ഷെഡ്, മണക്കാട് | ഉപയോഗിക്കുന്നില്ല. കരാർ ചമച്ച് വനിതകൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 6 | മുണ്ടൻമല വനിത വർക്ക് ഷെഡ് | ലൈബ്രറി പ്രവർത്തിയ്ക്കുന്നു. വനിതാ ക്ഷേമത്തിനായി നിർമ്മിച്ച ടി കെട്ടിടം ലൈബ്രറിയോ മറ്റ് സ്ഥാപനമോ ആയാൽ കൂടി വനിത ക്ഷേമത്തിനുതകുന്ന പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. വനിതാ സ്ഥാപനങ്ങൾക്ക് കരാർ ചമച്ച് വാടക ഈടാക്കാവുന്നതാണ്. |
| 7 | ചിറ്റൂർ പകൽ വീട് | ചിറ്റൂർ പകൽ വീട് ആളില്ലാത്തതിനാൽ ഉപയോഗിക്കുന്നില്ല. നിർമ്മാണ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള പദ്ധതികൾ രൂപീകരിയ്ക്കുമ്പോൾ ടി സ്ഥാപനത്തിന്റെ ഭാവിയിലെ ഉപയുക്തത കണക്കാക്കി മാത്രമാണ് നിർമ്മാണം നടത്തേണ്ടത്. നിലവിൽ ഉപയോഗക്ഷമമല്ലാതെ കിടക്കുന്ന ടി സ്ഥാപനം മാർഗ്ഗരേഖയിൽ സൂചിപ്പിക്കുന്ന പ്രകാരമുള്ള ഉപയോഗക്രമങ്ങൾക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. അല്ലാത്ത പക്ഷം ടി സ്ഥാപനം നിഷ്ക്രിയ ആസ്തിയായി നശിച്ച് പോകാതെ സർക്കാർ സാധൂകരണ പ്രകാരം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| 8 | മണക്കാട് വനിതാ വികസന സാംസ്കാരിക നിലയം | കരാർ ചമച്ച് വാടക ഈടാക്കി വനിതാ സംരംഭങ്ങൾക്ക് നൽകാവുന്നതാണ്. |
| 9 | ദീപം DWCRA, മണക്കാട് | ഉപയോഗിക്കുന്നില്ല. ആവശ്യമുള്ള അറ്റകുറ്റപ്പണി നടത്തി കരാർ ചമച്ച് വനിതാ സംരംഭങ്ങൾക്ക് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 10 | തെക്കുംഭാഗം മുൻ വിഇഒ ഓഫീസ് കെട്ടിടം | ഉപയോഗിക്കുന്നില്ല. ആവശ്യമുള്ള അറ്റകുറ്റപ്പണി നടത്തി കരാർ ചമച്ച് വാടകയ്ക്ക് നൽകാവുന്നതാണ്. |
| 11 | പ്രണവം ക്ലബ്ബ് ഇടവെട്ടിച്ചിറ, വനിത വർക്ക് ഷെഡ് കെട്ടിടം | ക്ലബ് പ്രവർത്തിയ്ക്കുന്നു. വനിതാ ക്ഷേമത്തിനായി നിർമ്മിച്ച ടി കെട്ടിടം വനിത ക്ഷേമത്തിനുതകുന്ന പദ്ധതികൾക്ക് മാത്രമായി വിനിയോഗിക്കേണ്ടതാണ്. വാടകയ്ക്ക് നൽകിയാൽ കരാർ ചമയ്ക്കുകയും മറ്റ് വനിതാ സ്ഥാപനങ്ങൾക്കായാൽ കരാർ ചമച്ച് വാടക ഈടാക്കേണ്ടതുമാണ്. വാടക നൽകാതെ ടി കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്ന സ്ഥാപനം അടിയന്തിരമായി നോട്ടീസ് നൽകി ഒഴിവാക്കേണ്ടതുമാണ്. അല്ലാത്ത പക്ഷം കുടിശ്ശിക സഹിതം വാടക ഈടാക്കി വിവരമറിയിക്കേണ്ടതാണ്. |
| 12 | SHG കെട്ടിടം, പാർവ്വതി തയ്യൽ സ്കൂൾ, കൊടികുത്തി, പുറപ്പുഴ | തയ്യൽ യൂണിറ്റ് പ്രവർത്തിയ്ക്കുന്നു. കരാർ ചമച്ച് വാടക ഈടാക്കാവുന്നതാണ്. |
| 13 | മങ്ങാട്ടുകവല ഡയാലിസിസ്/ | ഡയാലിസിസ് രോഗികളുടെ ആശ്രിതർക്ക് വരുമാനം എന്ന നിലയിൽ തയ്യൽ യൂണിറ്റ് നടത്തുന്നു. കരാർ പുതുക്കി വാടക ഈടാക്കേണ്ടതാണ്. |

| | | |
|---|---|---|
| | തയ്യൽ യൂണിറ്റ് കെട്ടിടം | |

ഓഡിറ്റ് നിർദ്ദേശങ്ങൾ നടപ്പാക്കി വിവരമറിയിക്കേണ്ടതാണ്.

**1-13 ബ്ലോക്ക് പഞ്ചായത്തിലെ ലേലം നടത്തിപ്പിൽ സംഭവിച്ച അപാകതകൾ**

ബ്ലോക്ക് പഞ്ചായത്തിലെ താഴെ സൂചിപ്പിക്കുന്ന ഇനങ്ങൾ 2019-20 ൽ അസി.എഞ്ചിനീയറുടെ വാല്യുവേഷൻ പ്രകാരം ലേലം ചെയ്ത് നൽകിയിട്ടുണ്ട്. ഇത് സംബന്ധിച്ച പരിശോധനയിൽ കണ്ടെത്തിയ ചില അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/01-02-2022 ന് മറുപടി ഹാജരാക്കിയതിൻ പ്രകാരം ആവശ്യമായ തുടർ നടപടി കൈക്കൊള്ളേണ്ട വിവരം താഴെ സൂചിപ്പിക്കുന്നു.

1) ജി.എസ്.ടി കുറവായി ഈടാക്കി

ജിഎസ് ടിക്ക് ബാധകമായ നിയമങ്ങൾ 2017 പ്രകാരം പ്ലാസ്റ്റിക് വേസ്റ്റ്/സ്ക്രാപ്പ്-18%, ഇരുമ്പ്, കോപ്പർ, അലുമിനിയം അവശിഷ്ടങ്ങളും -18% എന്നിങ്ങനെ അടവാക്കേണ്ടതാണ്. എന്നാൽ ബ്ലോക്ക് പഞ്ചായത്തിലെ പഴയ ഫർണിച്ചറുകളും ഉപയോഗശൂന്യമായ വസ്തുക്കളും ലേലം ചെയ്തു നൽകിയിട്ടുണ്ടെങ്കിലും ജിഎസ്ടി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | ലേലം കൊണ്ട വ്യക്തി/ ലേലത്തുക/ ജിഎസ്ടി ഉൾപ്പടെ ഈടാക്കിയ രസീത് നം./ തീയതി | ഈടാക്കിയ ജിഎസ് ടി (5%) | ഈടാക്കേണ്ട ജിഎസ് ടി (18%) | കുറവായി ഈടാക്കിയ തുക ₹ |
|---|---|---|---|---|---|
| 1 | ഉപയോഗശൂന്യമായ വസ്തുക്കൾ<br>സ്റ്റീൽ മേശ, തടി അലമാര, ഇരുമ്പ് പെട്ടികൾ, വാതിൽ പാളികൾ, കട്ടിള പാളിയോട് കൂടി, ജനൽ പാളികൾ, ഇരുമ്പ് കസേരകൾ, അലുമിനിയം ചാനൽ, വയറിംഗ് പൈപ്പുകൾ, സീലിംഗ് ഫൈബർ | സലിം പി.പി.,<br>പള്ളിമുക്കിൽ<br>തൊടുപുഴ<br>7250/-/19-06-2019<br>119020100004/20-06-2019 | 362 | 1305 | 943 |
| 2 | പഴയ ഫർണ്ണിച്ചർ | ഷാനവാസ്,<br>വട്ടക്കപ്പാറ,<br>കാഞ്ഞിരപ്പിള്ളി<br>4750/-<br>119020100013/<br>25-01-2019 | 238 | 855 | 617 |

| | | | | | |
|---|---|---|---|---|---|
| | | | | ആകെ | 1560 |

കുറവായി ഈടാക്കിയ ജിഎസ് ടി അടിയന്തിരമായി അടവാക്കി ചെലാൻ പകർപ്പ് സഹിതം വിവരമറിയക്കേണ്ടതാണ്.

2) <u>കുടിശ്ശികയായ ലേലത്തുക വാർഷിക കണക്കിൽ ഉൾപ്പെടുത്തിയില്ല</u>
മരം ലേലം നടത്തിയ വകയിൽ സലിം, ആനകെട്ടിപ്പറമ്പ്, ഇടവെട്ടി എന്ന വ്യക്തിയിൽ നിന്നും ₹65901 ആണ് ലേലം ഇനത്തിൽ ലഭ്യമാകേണ്ടിയിരുന്നത് (ലേലതീയതി 24-03-2020). ഇതിൽ ₹33000/- ആണ് 2019-20 ൽ രസീത് നം. 5688104/24-03-2020 പ്രകാരം ലഭ്യമായത്. ബാക്കി തുക ലഭിയ്ക്കാനുള്ളത് ആ വർഷം ലഭ്യമാകുകയോ വാർഷികക്കണക്കിൽ ബാലൻസായി രേഖപ്പെടുത്തുകയോ ചെയ്തിട്ടില്ല. മറുപടിയിൽ അക്കൗണ്ടിങ്ങ് സംബന്ധിച്ച അറിവില്ലായ്മ മൂലമാണ് ഇത് സംഭവിച്ചതെന്നും 2020-21 വർഷത്തെ വാർഷികക്കണക്കിൽ വരവായി ഇതിന്റെ ബാക്കി തുക ₹32901/- രസീത് നം. 120010900003/04-06-2021 പ്രകാരം അടവാക്കിയിട്ടുണ്ടെന്നും അറിയിച്ചു. ബ്ലോക്ക് പഞ്ചായത്തിലെ വാർഷികക്കണക്ക് തയ്യാറാക്കുമ്പോൾ അലക്ഷ്യമായി കൈകാര്യം ചെയ്യുന്നതിന് പകരം സെക്ഷനുകളിൽ നിന്ന് കൃത്യമായ വിവരങ്ങൾ ശേഖരിച്ച് കണക്കുകൾ തയ്യാറാക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥർ ശ്രദ്ധിയ്ക്കേണ്ടതാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റിയുടെയും ഭരണ വകുപ്പിന്റെയും അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

**<u>1-14 കരാർ പ്രകാരമുള്ള ടെണ്ടർ കിഴിവ് ഈടാക്കിയില്ല നഷ്ടം ₹2098/-</u>**

| | | |
|---|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ | |
| പദ്ധതി നം & പദ്ധതി | 49/2019 ബ്ലോക്ക് ഓഫീസ് കെട്ടിടം ക്യാബിൻ തിരിച്ച് നവീകരണം-ഇലക്ട്രിഫിക്കേഷൻ | |
| അടങ്കൽ<br>എം.ബുക്ക് നം. | ₹1900000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)<br>104/2018-19 | |
| ബിൽ നം | 19100563010300568580 തീയതി 16.09.2019 ₹220528 | |
| | 19100563010300041237 തീയതി 05.04.2019 ₹199021 | |

ബ്ലോക്ക് ഓഫീസ് കെട്ടിടം ക്യാബിൻ തിരിച്ച് നവീകരണം- ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിക്കായി ശ്രീ കെ.റ്റി ഷാജി, കുന്നേൽ വീട്, കോടിക്കുളം എന്ന കരാറുകാരൻ 28.12.2018 ൽ ഫയൽ ചെയ്ത ടെണ്ടറിൽ 0.5% കുറവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ആകെ പ്രവൃത്തിമൂല്യമായ ₹419549/- യിൽ നിന്നും പ്രസ്തുത കിഴിവ് വരുത്താതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. പദ്ധതിയുടെ ആകെ പ്രവൃത്തിമൂല്യം ₹419549/- യുടെ ടെണ്ടർ കിഴിവ് 0.5% ആയ ₹2098/- ഉത്തരവാദിയായ കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 7/05.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

**<u>1-15 ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ ഉൾപ്പെടാത്ത പദ്ധതി ഏറ്റെടുത്ത് നടത്തി-തടസ്സം ₹504768/-</u>**

കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നത് ബ്ലോക്ക് പഞ്ചായത്തിന്റെ അധികാര പരിധിയിൽ വരുന്ന പ്രവൃത്തിയല്ല. എന്നാൽ തൻ വർഷം ബ്ലോക്ക് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കിയ കുടിവെള്ള പദ്ധതിയുടെ വിവരം താഴെ നൽകുന്നു.

| നിർവ്വഹണം | പദ്ധതി & പദ്ധതി നം | അടങ്കൽ ₹ | ബിൽ നം & തീയതി | തുക ₹ |
|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | 48/2020<br>ശങ്കരപ്പിള്ളി എസ്.സി കുടിവെള്ള പദ്ധതി | 504768<br>(എസ്.സി.പി) | 19100563010300038301<br>തീ 05.04.2019 | 504768 |

ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിന്റെ സമ്മതത്തോടെ കുടിവെള്ള പദ്ധതികൾ ഏറ്റെടുക്കാവുന്നതാണെന്ന് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 29.01.208 ലെ സ.ഉ(കൈ) 11/2018 ലെ ഖ 7.1 (ബി).8 പ്രകാരം അനുവദിച്ചിട്ടുണ്ടെങ്കിലും അത്തരം ഒരു അനുവാദം ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തിൽ നിന്നും നേടിയിട്ടില്ല. അധികാര പരിധിയിൽ വരാത്ത പ്രവൃത്തി നടപ്പാക്കിയതിനാൽ ₹504768/- യുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 12/05.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 കരാർ പ്രകാരമുള്ള ടെണ്ടർ കിഴിവ് ഈടാക്കിയില്ല നഷ്ടം ₹2098/-

| | |
|---|---|
| നിർവ്വഹണം | അസിസ്റ്റന്റ് എഞ്ചിനീയർ |
| പദ്ധതി നം & പദ്ധതി | 49/2019 ബ്ലോക്ക് ഓഫീസ് കെട്ടിടം ക്യാബിൻ തിരിച്ച് നവീകരണം-ഇലക്ട്രിഫിക്കേഷൻ |
| അടങ്കൽ<br>എം. ബുക്ക് നം. | ₹1900000/- (റോഡിതര സംരക്ഷണ ഗ്രാന്റ്)<br>104/2018-19 |
| ബിൽ നം | 19100563010300568580 തീയതി 16.09.2019 ₹220528 |
| | 19100563010300041237 തീയതി 05.04.2019 ₹199021 |

ബ്ലോക്ക് ഓഫീസ് കെട്ടിടം ക്യാബിൻ തിരിച്ച് നവീകരണം- ഇലക്ട്രിഫിക്കേഷൻ എന്ന പദ്ധതിക്കായി ശ്രീ കെ.റ്റി ഷാജി, കുന്നേൽ വീട്, കോടിക്കുളം എന്ന കരാറുകാരൻ 28.12.2018 ൽ ഫയൽ ചെയ്ത ടെണ്ടറിൽ 0.5% കുറവാണ് രേഖപ്പെടുത്തിയിരുന്നത്. എന്നാൽ ആകെ പ്രവൃത്തിമൂല്യമായ ₹419549/- യിൽ നിന്നും പ്രസ്തുത കിഴിവ് വരുത്താതെയാണ് ഫൈനൽ ബിൽ നൽകിയിരിക്കുന്നത്. പദ്ധതിയുടെ ആകെ ചെലവ് ₹419549/- ആകയാൽ ടെണ്ടർ കിഴിവ് 0.5% ആയ ₹2098/- നഷ്ടമായി കണക്കാക്കുന്നു. പ്രസ്തുത വിഷയത്തിന് ഓഡിറ്റ് എൻക്വയറി 7/05.02.2022 നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. നഷ്ട തുക കരാറുകാരനിൽ നിന്നും തിരികെ ഈടാക്കി വികസന ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | ഓഡിറ്റിനോടൊപ്പം പരിശോധിച്ച | - |

### 4-2 സംയുക്തപ്രോജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(₹) | ചെലവഴിച്ച തുക (₹) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (₹) |
|---|---|---|---|---|---|
| KSEB | വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ, മണക്കാട് | - | 103768 | - | 103768 |
| KWA | അരിക്കുഴ കുടിവെള്ള പദ്ധതി പൈപ്പ് ലൈൻ നീട്ടൽ | | 595000 | 595000 | - |
| KWA | കൊല്ലംകുന്ന് വാട്ടർ ടാങ്ക് ഒറ്റത്തെങ്ങ് കോളനി ലൈൻ നീട്ടൽ | | 482477 | 482477 | - |
| KWA | വന്തിപ്പാറ എസ്.സി കുടിവെള്ള പദ്ധതി | | 67000 | - | 67000 |
| KWA | തുടങ്ങനാട് കുടിവെള്ള പദ്ധതി | | 500000 | | 500000 |
| KSEB | മണക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 97362 | | 97362 |
| KSEB | മണക്കാട് ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുതി ലൈൻ ദീർഘിപ്പിക്കൽ | | 901425 | | 901425 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക മുതൽ | പലിശ | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| ഐ.എ.വൈ | ലഭ്യമല്ല | 4500000 | 6066333+232110(പലിശ) = 6298443 | 1815103 | - | 4483340 |

സ്ഥാപനം ലഭ്യമാക്കിയ വായ്പ രജിസ്റ്റർ, വാർഷിക കണക്ക് എന്നിവ പ്രകാരമുള്ള കണക്കുകളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-6 സ്ഥിര നിക്ഷേപം

ഇല്ല

## 4-7 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഖണ്ഡിക | തുകയൊടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | അടവാക്കിയ തുക | രസീത് നമ്പർ/ തിയതി |
|---|---|---|---|---|
| 2017-18 | 3-1 | ലിസി തോമസ്, അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ, എൽ.എസ്.ജി.ഡി തൊടുപുഴ | 6839 | 6-8-19(2789/-,1080/-,) 20-7-2019(2970/-) |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3-4 | 2011-12 | 2-4 | കുടുംബത്തിലെ വനിതയുടെയോ ഭാര്യയുടെയും ഭർത്താവിന്റെയും കൂട്ടായ പേരിലോ ഭവനം അനുവദിക്കണമെന്ന വ്യവസ്ഥ ലംഘിച്ച് ധനസഹായം | തീർപ്പാക്കിയില്ല |

## 4-9 ചാർജ്ജ്/സർചാർജ്ജ് നടപടികളിലൂടെ ഈടാക്കിയ തുകയുടെ വിവരം

### (എ) ചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

### ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക

– ഇല്ല –

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ മുന്നിരിപ്പ് | ₹ 5406200 |
| ഓഡിറ്റ് വർഷത്തെ വരവ് | ₹28991741 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹34397941 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹27000831 |
| ഓഡിറ്റ് വർഷത്തെ നീക്കിയിരിപ്പ് | ₹7397110 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹2098 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹504768 |

## (ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 2098 | ശ്രീമതി കെ.എൽ ജിനിത, അസി. എഞ്ചിനീയർ |

## ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 504768 | ശ്രീമതി കെ.എൽ ജിനിത, അസി എഞ്ചിനീയർ |

## (സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നം | സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം ₹ | കേന്ദ്ര സർക്കാരിനുണ്ടായ നഷ്ടം₹ |
|---|---|---|
| 1-13 | 780 | 780 |

## (ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

- ഇല്ല -

## (ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി കെ.എൽ ജിനിത, അസി എഞ്ചിനീയർ | അസി എഞ്ചിനീയർ, തൊടുപുഴ ബ്ലോക്ക് പഞ്ചായത്ത് | തെക്കേൽ വീട്, ഇടവെട്ടി, തൊടുപുഴ, ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കുവാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | തീർപ്പാക്കുവാൻ അവശേഷിക്കുന്ന ഖണ്ഡികകൾ |
|---|---|---|---|
| 1995-96 & 1996-97 | എൽ.എഫ്.ഐ. – 4/180/05/ 08.06.2005 | 1 | 16 |
| 1997-98 | കെ.എസ്.എ.–ഐ.ഡി.കെ.–7/ 69/17/01.02.2017 | 4 | 24, 25, 27, 28 |
| 1998-99 | എൽ.എഫ്.ഐ.-5/908/14/ 03.12.2014 | 3 | 24, 27(എ), 33 |
| 1999-2000 | എൽ.എഫ്.ഐ.- 5/908/14/ 03.12.2014 | 2 | 23, 27 |
| 2000-01 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 223/18/27.04.2018 | 3 | 20, 22, 23 |
| 2001-02 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 736/16/30.07.2016 | 1 | 2-2 |
| 2003-04 | എൽ.എഫ്.ഐ. – 4/202/11/ 07.02.2011 | 4 | 3-2, 3-3, 3-4, 3-5 |
| 2004-05 | എൽ.എഫ്.ഐ. – 7/1435/17/ 30.10.2017 | 4 | 3-2, 3-3, 3-4, 3-6 |
| 2006-07 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 292/18/17.04.2018 | 2 | 2-2, 3-2 |
| 2008-09 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 222/18/21.03.2018 | 3 | 3-3, 3-5, 3-6 |
| 2009-10 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 1255/16/09.09.2016 | 1 | 2-1 |
| 2010-11 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 991/2018/29.09.2018 | 4 | 3-1, 3-2, 3-3, 3-4 |
| 2011-12 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 1415/18/14.01.2019 | 2 | 2-1, 3-2ബി |
| 2012-13 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 205/16/05.04.2016 | 4 | 2-1, 3-1, 3-3, 3-4 |
| 2014-15 | കെ.എസ്.എ.–ഐ.ഡി.കെ.- 7/ 4/2018/12.03.1018 | 2 | 2-1, 3-2 |
| 2015-16 | കെ.എസ്.എ.ഐ.ഡി.കെ–7/ 830/17/14.07.2017 | 7 | 1-12, 2-1, 2-3, 3-2, 3-3, 3-4, 3-5 |
| 2016-17 | കെ.എസ്.എ.ഐ.ഡി.കെ–7/ 228/18/11.05.2018 | 4 | 2-1, 2-5, 2-6, 3-5 |
| 2017-18 | കെ.എസ്.എ.ഐ.ഡി.കെ–7/ 230/19/26.03.2019 | 5 | 3-4,3-5, 3-6,3-12,3-15 |
| 2018-19 | കെ.എസ്.എ.ഐ.ഡി.കെ–7/ 118/20/09.03.2019 | 12 | 1-12, 1-13,1-14, 1-15, 1-16,1-17, 1-18,1-19, 1-20, 3-1,3-2, 3-13 |

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

ഇടുക്കി ജില്ലയിലെ തൊടുപുഴ ബ്ലോക്ക് പഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, ഇടുക്കി
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്